I/145347/2020

YEARS OF CELEBRATING THE MAHATMA

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.
**(ഹാജർ- ഡോ.പി.കെ.ജയശ്രീ ഐ എ എസ്)**

വിഷയം: പഞ്ചായത്ത് വകുപ്പ്:- ഭരണജാഗ്രത - തിരുവനന്തപുരം ജില്ല - വിതുര ഗ്രാമപഞ്ചായത്ത് - ശ്രീ.സാജൻ.ജെ.എസ്, ക്ലാർക്ക്, അനധികൃത ഹാജരില്ലായ്മ - അച്ചടക്കനടപടി - താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:
1. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.11.2018 ലെ ഇ 3-10146/2018 നമ്പർ കത്ത്
2. ഈ ഓഫീസിലെ 18.01.2019 ലെ ഇതേ നമ്പർ കുറ്റപത്രം
3. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 22.03.2019 ലെ ഡി-1731/19 നമ്പർ കത്ത്
4. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 22.03.2019 ലെ ഡി-1731/19 നമ്പർ കത്ത്
5. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 09-10-2019 ലെ ഡി-150233/19 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്
6. 07-11-2019 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
7. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17-03-2020 ലെ ഡി-1731/19 നമ്പർ കത്ത്
8. 08-10-2020 ലെ അപ്പൻറിക്സ് എച്ച്5- പത്രപരസ്യം

**ഉത്തരവ് നമ്പർ: PAN/478/2019-D3(DP)തീയതി :03/12/2020**

തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിൽ ക്ലർക്കായിരുന്ന ശ്രീ.സാജൻ.ജെ.എസി ന് 51 ദിവസത്തെ ആർജ്ജിതാവ ധിയും 29 ദിവസത്തേയ്ക്ക് അർദ്ധവേതനാവധിയും ഉൾപ്പെടെ 02-08-2018 മുതൽ 80 ദിവസത്തേക്ക് അവധി അനുവദിക്കുകയുണ്ടായെന്നും, വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായി 10-07-2018 മുതൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ആയത് ഉചിതമാർഗ്ഗേന പഞ്ചായത്ത് ഡയറക്ടറേറ്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും, എന്നാൽ ശ്രീ.സാജൻ.ജെ.എസ് **03-08-2018** മുതൽ വിതുര ഗ്രാമപഞ്ചായത്തിൽ അവധി അനുമതിയില്ലാതെ ജോലിക്ക് ഹാജരാകുന്നില്ല എന്നും പരാമർശം (1) പ്രകാരം തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരുന്നു.

മുൻകൂർ അനുമതിയില്ലാതെ ഓഫീസിൽ ഹാജാരാകാതിരിക്കുന്നത് അനധികൃത ഹാജരില്ലായ്മയായി കണക്കാക്കി 1960 ലെ കേരള സിവിൽ സർവ്വീസ് തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ **ചട്ടം 15** അനുസരിച്ച് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ പുറപ്പെടുവിച്ചു. എന്നാൽ ടിയാൻ സ്ഥലത്തില്ലാത്തതിനാൽ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകാൻ കഴിഞ്ഞിട്ടില്ലെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

പരാമർശം (4) പ്രകാരം തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ചു.പരാമർശം (5) ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ശ്രീ.സാജൻ.ജെ.എസ്-നെതിരായ അച്ചടക്ക നടപടിയുടെ ഭാഗമായി പഞ്ചായത്ത് ഡയറക്ടർ 18-10-2018-ൽ പുറ പ്പെടുവിച്ച കുറ്റാരോപണ മെമ്മോ ടിയാൻ കൈപ്പറ്റാത്ത സാഹചര്യത്തിലും ഔപചാരിക അന്വേഷണത്തിൻറെ ഭാഗമായി 01-10-2019 ന് രാവിലെ 11 മണിക്ക് വിതുര ഗ്രാമപ ഞ്ചായത്തിൽ വച്ച് നേരിൽ കേൾക്കുന്നതിന് രജിസ്റ്റേഡ് തപാലിൽ നോട്ടീസ് നൽകിയിട്ട് ഹാജരാകാത്ത സാഹചര്യത്തിലും ടിയാന് ജോലിയിൽ തുടരുന്നതിന് താൽപര്യമില്ലായെന്ന് മനസ്സിലാക്കുന്നതിനാൽ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്നു ശുപാർശ ചെയ്തു.

ബന്ധപ്പെട്ട രേഖകളും അന്വേഷണ റിപ്പോർട്ടും പരിശോധിച്ചതിൽ **03-08-2018** മുതൽ ജോലിക്ക് ഹാജരാ കാത്ത ശ്രീ.സാജൻെറ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും ചട്ടലംഘനവുമാണെന്ന് കണ്ടതിനാൽ കെ.എസ്.ആർ ഭാഗം 1 അനുബന്ധം XI A ലെ ഖണ്ഡിക 9 പ്രകാരവും 1960 ലെ കേരള സിവിൽ സർവ്വീസ് ചട്ടങ്ങൾ പ്രകാരവും മാന്വൽ ഓഫ് ഡിസിപ്ലിനറി പ്രൊസീഡ്യർ ഖണ്ഡിക 53 പ്രകാരവും അവധി അനുവദിക്കാതെ അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടുപോയതിന് ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

വിതുര ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായി ജോലി നോക്കിയിരുന്ന ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസ് വിതുര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം നൽകിയപ്പോൾ ടിയാൻ സ്ഥലത്തില്ലാത്തതിനാൽ കൈപ്പറ്റിയില്ലെന്ന് നോട്ടീസ് നൽകാൻ ടിയാൻെറ വീട്ടിൽ പോയ ഡ്രൈവറുടെ വിശദീകരണം ഉൾപ്പെടെ പരാമർശം (7) പ്രകാരം അറിയിച്ചിരുന്നു.ടി കാരണം കാണിക്കൽ നോട്ടീസ് ഈ ആഫീസിൽ നിന്നും രജിസ്റ്റേഡ് തപാലായി അയച്ചു നൽകിയതും കൈപ്പററാതെ തിരികെ വരുകയുണ്ടായി.

കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലീക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ കാരണം ഉണ്ടെങ്കിൽ ബോധിപ്പിക്കാൻ പരാമർശം(8) പ്രകാരം പത്രപരസ്യം നൽകിയിരുന്നെങ്കിലും നിശ്ചിത സമയത്തിനകം യാതൊരു മറുപടിയും ലഭിച്ചില്ല.

File No.PAN/478/2019-D3(DP)

I/145347/2020

മേൽ സാഹചര്യത്തിൽ കെ.എസ്.ആർ ഭാഗം 1 അനുബന്ധം XI A യിലെ ഖണ്ഡിക 9 പ്രകാരവും 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും മാന്വൽ ഓഫ് ഡിസിപ്ലിനറി പ്രൊസീഡ്യർ ഖണ്ഡിക 53 പ്രകാരവും അവധി അനുവദിക്കാതെ അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടുപോയതിന് ശ്രീ.സാജൻ.ജെ.എസി നെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

**ഡോ.പി.കെ.ജയശ്രീ ഐ എ എസ്**
**പഞ്ചായത്ത് ഡയറക്ടർ**

ശ്രീ.സാജൻ.ജെ.എസ്
ക്ലാർക്ക്, വിതുര ഗ്രാമപഞ്ചായത്ത് (അനധികൃത ഹാജരില്ലായ്മയിൽ)
(തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
2. സെക്രട്ടറി, വിതുര ഗ്രാമപഞ്ചായത്ത്
3. കരുതൽ / അധികം

Signature Not Verified

Digitally signed by P K
Jayasree
Date: 2020.12.03 17:37:42 IST
Reason: Approved